# സ്മാർട്ടായ കായികതാരങ്ങൾക്കായി മൈതാനവും ഇക്കൊല്ലം സ്മാർട്ടാവും



**ചിറ്റൂർ ഉപജില്ലയിൽ ഒന്നാം സ്ഥാനം നേടിയ സീനിയർ ക്രിക്കറ്റ് ടീം അംഗങ്ങൾ പരിശീലകൻ വേലുക്കുട്ടിമാസ്റ്ററിനൊപ്പം**

ചിറ്റൂർ: സ്കൂളിലെ ഏതിടമാണ് ഏറ്റവും കൂടുതൽ ഇഷ്ടം എന്ന ചോദ്യത്തിന് ഒറ്റ ഉത്തരം മൈതാനമാണ്. സൂര്യവെളിച്ചം ഉള്ള സമയം മുഴുവൻ ചിറ്റൂരിന്റെ മൈതാനത്ത് ആളുണ്ടാവും. കളിക്കാനും പരിശീലനത്തിനും ആരോഗ്യവും സൗഹൃദങ്ങളും നിലനിർത്താനും പ്രായഭേദമെന്യേ ഇഷ്ടപ്പെടുന്ന ഇടമാണ് മൈതാനം. ഇത്തവണ നഗരസഭ മൈതാന നവീകരണത്തിന് സമ്മതം മൂളിയിട്ടുണ്ട്.

ഗ്യാലറിയോടു കൂടിയ 400 മീറ്റർ ട്രാക്കും വോളിബോൾ, ബാസ്കറ്റ് ബോൾ കോർട്ടുകൾ, ഫുട്ബോളിനും ക്രിക്കറ്റിനുമുള്ള മൈതാനങ്ങളുമാണ് കായികപ്രേമികൾ സ്വപ്നം കാണുന്നത്. നീന്തൽ പരിശീലകനും കൂടിയായ വേലുക്കുട്ടിമാസ്റ്റർ സമീപത്തെ കുളം നവീകരിക്കുന്നത് കാത്തിരിക്കുകയാണ് കുട്ടികളെ നീന്തൽ താരങ്ങളാക്കാൻ.



# ഭാഷകളിൽ മികവ് നേടാൻ ഭാഷാക്ലബ്



ചിറ്റൂർ: ഈ വർഷത്തെ തനത് പ്രവർത്തനമാണ് ഭാഷാക്ലബ്. മാതൃഭാഷകൾക്കൊപ്പം ഇംഗ്ലീഷ്, ഹിന്ദി, സംസ്കൃതം എന്നിവ ചേർന്ന് രൂപീകരിച്ചതാണിത്. ഓരോ ക്ലാസിൽ നിന്നും താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി അവരിൽ ഭാഷാശേഷി വർധിപ്പിക്കാനുള്ള പദ്ധതിയാണിത്. ഇതിന്റെ ഭാഗമായി ബാലമാസികകൾ, വാരികകൾ, സ്പോർട്സ് മാസിക, പത്രങ്ങൾ എന്നിവയും കുട്ടികൾക്കായി വരുത്തുന്നു. കൂടെ എസ്എസ്എ പൊതുവിദ്യാലയങ്ങളിലെ ഇംഗ്ലീഷ് പഠനം കാര്യക്ഷമമാക്കാൻ ഹിന്ദു പത്രത്തിന്റെ ടാബ്ലോയ്ഡ് വാരികയും പത്രവും നൽകുന്നു. കുട്ടികൾക്കായി വായന, രചന, നാടകം, സംവാദം, മൽസരങ്ങൾ എന്നിവയുടെ ഭാഷാക്ലബിന്റെ പ്രവർത്തനങ്ങളാണ്.

പുതുവർഷ ആശംസകൾ നേർന്ന് പ്രധാന മന്ത്രി, മുഖ്യമന്ത്രി, കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ വിവിധ വകുപ്പുകൾ, മന്ത്രിമാർ, ജനപ്രതിനിധികൾ, സർക്കാർ ഏജൻസികൾ, സ്കൂളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് എന്നിവർക്ക് കുട്ടികൾ തപാൽ വഴി കാർഡും അയച്ചു.

# സ്ക്കൂൾ ക്യാംപസ് വാർഷികം നിറവ് '19 ആഘോഷിച്ചു



**ചിറ്റൂർ സ്കൂൾ ക്യാംപസ് വാർഷികം നിറവ് '19 മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു.**

ചിറ്റൂർ: സ്കൂൾ ക്യാംപസിലുള്ള പ്രൈമറി തലം മുതൽ ഹയർസെക്കൻഡറി തലം വരെയുള്ള വിദ്യാർത്ഥികളുടെ വാർഷികം നിറവ്'19 വിവിധ പരിപാടികളോടെ ആഘോഷിച്ചു. ജലവിഭവവകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. കേരള സാഹിത്യ അക്കാദമി അധ്യക്ഷൻ വൈശാഖൻ മുഖ്യാതിഥിയായി. പിടിഎ പ്രസിഡന്റ് ജയ്സൺ ഹിലാരിയോസ്, ജില്ലാ പഞ്ചായത്ത് അംഗവും പൂർവ വിദ്യാർത്ഥിയുമായ വി. മുരുകദാസ്, പ്രിൻസിപ്പൽ വി. ഗീത, വിഎച്ച്എസ്ഇ പ്രിൻസിപ്പൽ ഇൻ ചാർജ് യു. മഞ്ജുഷ, അമ്പാട്ടുപാളയം ജിഎൽപിഎസ് പിടിഎ പ്രസിഡന്റ് എ. സന്തോഷ്, പൂർവ വിദ്യാർത്ഥിയും റിട്ട. ആർഡിഡിയുമായ എ. ശിവൻ പ്രധാനാധ്യാ പകരായ രാധ കെ. രമേശ്വരി കെ. എന്നിവർ പ്രസംഗിച്ചു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.



പ്രളയത്തെ അതിജീവിച്ച
കേരളത്തിന്...
മൺമറഞ്ഞ പ്രതിഭകൾക്ക്...
ബാല്യം നഷ്ടപ്പെടുന്നവർക്ക്...
പൊതുവിദ്യാലയങ്ങൾക്ക്...
വിജ്ഞാനത്തിന്....
വിവേകത്തിന്....

കൂടെ
നല്ല മനസുകൾക്കും സമർപ്പിക്കുന്നു...

# നിറവ്'19

## ലിറ്റിൽ കൈറ്റ്സ് വാർഷിക പതിപ്പ്

ജിഎച്ച്എസ്എസ് ചിറ്റൂർ, ജിഎൽപിഎസ് അമ്പാട്ടുപാളയം / വാർഷിക പതിപ്പ് / 2019 ജനുവരി 11 /

## ദേശത്തെ ദേശീയത്തിലേക്കെത്തിച്ച മിന്നും താരങ്ങൾ



**അജയ് കെ.വി.**

*നോർത്ത് സോൺ നാഷനൽ അത്‌ലറ്റിക്സ് സ്വർണ മെഡൽ ജേതാവ്*





**ദീപിക, ശ്രീലക്ഷ്മി**

*ഹയർസെക്കൻഡറി വിഭാഗം സെപടാക്രോ സംസ്ഥാന സ്വർണ മെഡൽ ജേതാക്കൾ*



**അഭിഷേക്**

*റസ്‌ലിങ് ഹയർസെക്കൻഡറി വിഭാഗം സംസ്ഥാന സ്കൂൾ ഗെയിംസിൽ സ്വർണ മെഡൽ ജേതാവ്*

**ഹരിസുതൻ**

*സംസ്ഥാന ലോൺ ടെന്നീസ് സബ് ജൂനിയർ വിഭാഗം സ്വർണമെഡൽ ജേതാവ്*



# അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഒന്നാംഘട്ട നിർമാണത്തിന് തുടക്കം

ചിറ്റൂർ: സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ചിറ്റൂർ നിയമസഭാ മണ്ഡലത്തിൽ നിന്നു തിരഞ്ഞെടുത്ത ജി. എച്ച്എസ്എസ് ചിറ്റൂർ ക്യാംപസ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പണികൾ തുടങ്ങി. ആദ്യഘട്ടത്തിൽ 33 ക്ലാസ് മുറികളും ഒരു ആംഫി തിയറ്ററും അടങ്ങുന്ന കെട്ടിടങ്ങളും ചുറ്റുമതിലുമാണ് നിർമാണത്തിലുള്ളത്. രണ്ടാം ഘട്ടത്തിൽ യുപി ബ്ലോക്കും പൈതൃക കെട്ടിടം നവീകരണം എന്നിങ്ങനെയാണ് വിഭാവനം ചെയ്തിരിക്കുന്നത്.



**ഒന്നാംഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ശിലാസ്ഥാപനം എംഎൽഎ കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്യുന്നു**



**ഒന്നാംഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ശിലാസ്ഥാപനത്തിന്റെ ഭാഗമായി ചിറ്റൂർ ടൗണിൽ നടന്ന വിളംബരജാഥ**

ഒന്നാം ഘട്ടത്തിന്റെ ശിലാസ്ഥാപനം ചിറ്റൂർ എം എൽഎ കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു. നഗരസഭ ചെയർമാൻ കെ. മധു , ജില്ലാ പഞ്ചായത്ത് അംഗം അഡ്വ. കെ. മുരുകദാസ് ,പി. ടി. എ.അംഗങ്ങൾ അധ്യാപകർ, പൂർവ വിദ്യാർത്ഥികൾ എന്നിവർ പങ്കെടുത്തു.
നേരത്തെ നഗരത്തിൽ കുട്ടികളുടെ നേതൃത്വത്തിൽ വിളംബരജാഥയുമുണ്ടായി.




പ്രിൻസിപ്പൽ, പ്രധാനാധ്യാപിക, അധ്യാപകർ, ഓഫീസ് ജീവനക്കാർ ചേർന്ന് സെൽഫിക്ക് തയാറെടുക്കുന്നു.







# ക്യാമറയിൽ പതിഞ്ഞവർ

1.എൻസിസി, 2. വിഎച്ച്എസ്ഇ പച്ചക്കറിത്തോട്ടം, 3. എച്ച്എസ് ഐടി ലാബ്, 4. എച്ച്എസ് കെമിസ്ട്രി ലാബ്, 5. അടുക്കള, 6. സ്കൂൾ കാന്റീൻ, 7. സ്കൂൾമുറ്റം, 8. ലൈബ്രറി, 9. പ്രധാന ഗേറ്റ്, 10. സ്കൂളിനകത്തെ മൈതാനം, 11. ഹൈസ്കൂൾ സ്റ്റാഫ് റൂം, 12. സ്കൂൾ ക്യാംപസിനകത്തെ ജിഎൽപിഎസ് അമ്പാട്ടുപാളയം, 13. വിഎച്ച്എസ്ഇ സ്റ്റാഫ് റൂം, 14. സൈക്കിൾ ഷെഡ്....











































